വേങ്ങോട്, നെടുമങ്ങാട് ഭാഗത്തേക്ക് ഏഴ് ട്രിപ്പുകൾ ഉണ്ട്. അതുപോലെ നെടുമങ്ങാട് യൂണിറ്റിൽ നിന്ന് കൂപ്പ് വഴി അഞ്ച് ട്രിപ്പും, പാണയം വഴി പന്ത്രണ്ട് (12) ട്രിപ്പുകളും ഉണ്ട്. ഈ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ ട്രിപ്പുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റോപ്പുകൾ

124 (825) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂരിലും കാരേറ്റിനും മദ്ധ്യേ പൊരുന്തമൺ എന്ന സ്ഥലത്ത് കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ ബസുകൾ നിറുത്താത്തതിനെ സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനെ സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ അംഗീകൃത സ്റ്റോപ്പായ പൊരുന്തമണിൽ കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ ബസുകൾ നിർത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് ; ആ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് പൊരുന്തമൺ അംഗീകൃത സ്റ്റോപ്പാണ്. ആയതിനാൽ പ്രത്യേക നിർദ്ദേശം നൽകുന്നതിന്റെ ആവശ്യമില്ല.

താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

125 (826) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. യിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ;

(ബി) താൽക്കാലിക ജീവനക്കാരുടെ നിയമനത്തിനുള്ള നടപടി ക്രമം വിശദീകരിക്കുമോ ;

(സി) സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ഡി) ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly